പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6032 — 04.11.2016-ലെ മറുപടിക്ക്

'തിരുവനന്തപുരം ജില്ലയിലെ മിച്ചഭൂമി'

**ചോദ്യം**

ശ്രീ.ഡി.കെ.മുരളി

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം മിച്ചഭൂമിയുണ്ടെന്ന് വിശദമാക്കുമോ; | (എ) & (ബി) | തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ നാവായിക്കുളം, മണമ്പൂർ, വെട്ടൂർ വില്ലേജുകളിൽ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിൽ വിതുര വില്ലേജിൽ ജനവാസത്തിന് അനുയോജ്യമല്ലാത്ത 18.01 ഏക്കർ മിച്ചഭൂമിയും, കല്ലറ വില്ലേജിൽ എസ്.റ്റി വിഭാഗത്തിന് നീക്കിവച്ച 2.15.246 ഏക്കർ മിച്ചഭൂമിയും ഉണ്ട്.<br>നേമം, പേരൂർക്കട, കടപ്പനക്കുന്ന് എന്നീ വില്ലേജുകളിൽ യഥാക്രമം 3.84.250 ഏക്കർ, 00.80.000 ഏക്കർ, 00.60.000 ഏക്കർ പതിവിന് യോഗ്യ മല്ലാത്ത മിച്ചഭൂമി നിലവിലുണ്ട്. ചിറയിൻകീഴ് താലൂക്കിൽ 3.85.05 ഹെക്ടർ മിച്ചഭൂമിയുണ്ട്.<br>തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ വിതരണത്തിന് അനുയോജ്യമായ 320.16.93 ഹെക്ടർ മിച്ചഭൂമി അർഹരായവർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ